# നോട്ടീസ്
## സമയപരിധി / അടിയന്തിരം

ഇ5 - 9274/2011

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,
വഴുതയ്ക്കാട്,
തിരുവനന്തപുരം.
തീയതി, 05/03/2012.

അഡീഷണൽ പ്രൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)
തിരുവനന്തപുരം.

ശ്രീ. / ശ്രീമതി. ....................
അപ്പർ ഡിവിഷൻ ക്ലാർക്ക്,
..................................
..................................
(ഓഫീസ് മേലധികാരി മുഖേന)

സർ,

വിഷയം : ശ്രീ. ജയിംസ് കുര്യൻ, അപ്പർ ഡിവിഷൻ ക്ലാർക്കിന്റെ സീനിയോറിറ്റി പുനർ നിർണ്ണയിക്കുന്നത് - സംബന്ധിച്ച്.

സൂചന :
1. 01/01/2005 -ലെ ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ അന്തിക സീനിയോറിറ്റി ലിസ്റ്റ്.
2. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 21/04/2010 - ലെ ഇ3-13454/2007 -ാം നമ്പർ ഉത്തരവ്.
3. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 29/05/2009 - ലെ ഇ3-13454/2007 -ാം നമ്പർ ഉത്തരവ്.
4. ശ്രീ. ജയിംസ് കുര്യൻ, അപ്പർ ഡിവിഷൻ ക്ലാർക്ക്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, വയനാട് സൗത്ത് മുഖേന സമർപ്പിച്ച അപേക്ഷ.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, വയനാട് സൗത്ത് - ന്റെ ഓഫീസിൽ യു.ഡി. ക്ലാർക്കായി ജോലി ചെയ്ത് വരുന്ന ശ്രീ. ജയിംസ് കുര്യൻ - ന് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 21/04/2010 - ലെ ഇ3-13454/2007 - ാം നമ്പർ ഉത്തരവ് പ്രകാരമാണ് 01/04/2010 പ്രാബല്യത്തിൽ യു.ഡി. ക്ലാർക്കായി പ്രമോഷൻ ലഭിക്കുന്നത്. 12/05/2006 - ലെ ഇ5-27234/04-ാം നമ്പരായി 01/01/2005 തീയതി പ്രാബല്യത്തിൽ കണക്കാക്കിയിരിക്കുന്ന എൽ.ഡി. ക്ലാർക്കുമാരുടെ അന്തിക സീനിയോരിറ്റി ലിസ്റ്റിൽ ശ്രീ. ജയിംസ് കുര്യന്റെ സ്ഥാനം 282. ആയിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടിയാൻ 01/2009 ന് തന്നെ പ്രമോഷന് ആവശ്യമായ

ഡിപ്പാർട്ട്മെന്റ് പരീക്ഷകൾ പാസായിട്ടുണ്ട്. 01/01/2005 - ലെ എൽ.ഡി. ക്ലാർക്കുമാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ശ്രീ. സഞ്ചു ഡി. എസ്. നായരുടെ ക്രമനമ്പർ 303 ആണ്. ശ്രീ. സഞ്ചു ഡി. എസ്. നായർ 01/2009 ലാണ് പ്രമോഷനുള്ള യോഗ്യത നേടിയത്. 29/05/2009 - ലെ ഇ3-13454/2007-ാം നമ്പർ ഉത്തരവ് പ്രകാരമാണ് ശ്രീ. സഞ്ചു ഡി. എസ്. നായർക്ക് 18/04/2009 പ്രാബല്യത്തിൽ യു.ഡി. ക്ലാർക്കായി പ്രമോഷൻ ലഭിക്കുന്നത്. എന്നാൽ ടി സമയത്ത് ടിയാന്റെ സീനിയറായ ശ്രീ. ജയിംസ് കുര്യനും പ്രമോഷനുള്ള ടെസ്റ്റ് യോഗ്യത (1/2009) നേടിയിരുന്നു. എന്നാൽ പ്രമോഷൻ സമയത്ത് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാലാണ് ടിയാനെ പരിഗണിക്കാതെ ശ്രീ. സഞ്ചു ഡി. എസ്. നായർക്ക് പ്രമോഷൻ നൽകിയത്. ടി പരാതിയും ബന്ധപ്പെട്ട അനുബന്ധ രേഖകളും വിശദമായി പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 01/01/2005 - ലെ ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉള്ള ശ്രീ. ജയിംസ് കുര്യന്റെ സ്ഥാനം യു.ഡി. ക്ലാർക്കുമാരുടെ 01/07/2009 - ലെ താല്ക്കാലിക സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ 414 ശ്രീമതി. സുഷമയ്ക്കും ക്രമ നമ്പർ 415 ശ്രീ. സഞ്ചു ഡി. എസ്. നായർക്കും ഇടയിലായി 414 (എ) എന്ന് നിശ്ചയിക്കുവാൻ ഇതിനാൽ താല്ക്കാലികമായി തീരുമാനിക്കുന്നു. ഈ തീരുമാനത്തിന്മേൽ ആക്ഷേപമോ, പരാതിയോ ഉള്ള 01/07/2009 - ലെ അപ്പർ ഡിവിഷൻ ക്ലാർക്കുമാരുടെ താല്ക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 415 ശ്രീ. സഞ്ചു ഡി. എസ്. നായർ മുതൽ ക്രമനമ്പർ 424 ശ്രീ. സുന്ദരം കെ. വരെയുള്ളവർ ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ വ്യക്തമായ രേഖകൾ സഹിതം ഓഫീസ് മേലധികാരി മുഖേന പരാതി സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യുക്തമായ പരാതികളൊന്നും ലഭിക്കാത്തപക്ഷം ഈ തീരുമാനം സ്ഥിരപ്പെടുത്തുന്നതായിരിക്കും.

വിശ്വസ്തതയോടെ,

**അഡീഷണൽ പ്രിൻസിപ്പൽ ചീഫ്**
**ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)**നു വേണ്ടി

പകർപ്പ് :

1. ശ്രീ. ജയിംസ് കുര്യൻ - ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, വയനാട് സൗത്ത് - മുഖേന അറിവിലേയ്ക്കായി നൽകുന്നു.
2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്.) ന്റെ ഓഫീസിലേയ്ക്ക് വനം വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.